(ബി&സി) അമ്പതുലക്ഷം രൂപ ഓഹരിമൂലധനത്തോടുകൂടി കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോർപ്പറേഷൻ രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്ട്രേഷൻ നടപടി പൂർത്തിയായശേഷം കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടറ്റേഴ്സ് രൂപീകരിക്കുമ്പോൾ മാത്രമേ വിമുക്തഭട പ്രതിനിധികളെ ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള സംസ്ഥാനപെൻഷൻ

59 (60) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള സംസ്ഥാനപെൻഷൻ 2000 രൂപയിൽ നിന്ന് 3000 രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് പ്രസ്തുത സംഖ്യ വർദ്ധിപ്പിച്ചത് ;

(ബി) വർദ്ധിപ്പിച്ച പെൻഷൻ തുക സ്വാതന്ത്ര്യസമര സേനാനികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) സംസ്ഥാനത്തെ ഖാദി, ഹിന്ദി പ്രസ്ഥാനത്തിലെ സമര സേനാനികൾക്ക് കൂടി സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. 3-8-2000 മുതലാണ് വർദ്ധനവ്.

(ബി) ഉണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സ്വാതന്ത്ര്യസമര സേനാനികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ തുക 1000 രൂപയിൽ നിന്നും 1500 രൂപയായും പിന്നീട് 2000 രൂപയായും ഇപ്പോൾ അത് 3000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനപെൻഷന് 27-6-2000 മുതൽ 7ശതമാനം നിരക്കിൽ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിരുന്ന 1000 രൂപ 3000 രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ എല്ലാത്തരം ബസ്സുകളിലും സ്വാതന്ത്ര്യസമര സേനാനികൾക്ക് സൗജന്യയാത്രാ സൗകര്യം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ അവരുടെ വിധവകൾക്കും കൂടി പ്രസ്തുത സൗകര്യം അനുവദിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികൾക്ക് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിവർഷം പ്രമാണിച്ച് സൗജന്യ ധനസഹായ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തുക

60 (61) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 1-2-2001-ന് എത്ര രൂപ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരിതാശ്വാസമായി തുക അനുവദിക്കുന്നതായ ഉത്തരവുകൾ ഫണ്ടിൽ പണമില്ലാത്തതിനാൽ നടപ്പിലാക്കാൻ താമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരിതാശ്വാസ ഫണ്ടിൽ നിന്നും പണം അനുവദിക്കുന്നതിൽ രാഷ്ട്രീയ പരിഗണന കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കണ്ണൂർ ജില്ലയിലെ പന്നിയൂരിലും പട്ടിയൂർ പഞ്ചായത്തിലെ ഉരത്തൂരിലും വസ്തുവകകൾ നഷ്ടപ്പെട്ടവർക്ക് ഇതുവരെ യാതൊരു സഹായവും നൽകാതെയിരിക്കാൻ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സാമ്പത്തിക വർഷം ഇതുവരെ ദുരിതാശ്വാസനിധിയിൽനിന്നും സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(എഫ്) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തിക വർഷം സഹായം നൽകിയവരുടെ പേരുവിവരങ്ങളും അനുവദിച്ച തുകയും അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 1-2-2001-ന് 55,35,550 രൂപ ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) കണ്ണൂർ ജില്ലയിൽ അടുത്ത കാലത്തുണ്ടായ അക്രമ സംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ചതു സംബന്ധിച്ച വിശദ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും കിട്ടിയാലുടൻ സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഈ സാമ്പത്തികവർഷം ഇതുവരെ 2,77,19,500 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly